## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. *68      10.06.2019 -ൽ മറുപടിക്ക്

## തൊഴിലില്ലായ്മക്ക് പരിഹാരമാർഗ്ഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതൽ രേഖപ്പെടുത്തപ്പെട്ട സംസ്ഥാന-ങ്ങളിലൊന്നായ കേരളത്തിൽ കൂടുതൽ മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ തൊഴിൽദായക പദ്ധതികളും നൈപുണ്യ വികസന പരിപാടികളും പുനരാവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലേക്കായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കൂടുതൽ മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ തൊഴിൽദായക പദ്ധതികളും നൈപുണ്യ വികസന പരിപാടികളും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്കായി നൈപുണ്യ വികസന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും വിവിധ കരിയർ വികസന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുമായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്ററുകളും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ& ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.<br>വ്യവസായശാലകൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിനായി ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന നടപ്പിലാക്കി വരുന്നു. ഇതിനായി പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള |

| | | | |
|---|---|---|---|
| | | | പരിശീലന പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവീസസ്, ഓയിൽ ആൻഡ് ഗ്യാസ്, ടീച്ചിങ്, എന്റർപ്രെന്യൂർഷിപ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ബാങ്കിങ് ആൻഡ് ഫിനാൻസ്, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവേദം, മൾട്ടി മീഡിയ ആൻഡ് അനിമേഷൻ, ആർക്കിടെക്ചർ ആൻഡ് ഇന്റീരിയർ ഡിസൈൻ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ, ഡിസൈൻ, സ്പോർട്സ് മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, തുടങ്ങി വിവിധ മേഖലകളിൽ പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നു. |
| (ബി) | മുൻകാല പ്രവണതകളിൽ നിന്നും വ്യത്യസ്തമായി വർഷം തോറും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിച്ചു വരികയും പൊതുമേഖലയിൽ അവസരങ്ങൾ കുറഞ്ഞു വരികയും ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ? | (ബി) | തൊഴിലില്ലാത്ത അഭ്യസ്ത വിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന പ്രതിമാസ ജോബ് ഡ്രൈവ്/പ്ലേസ്മെന്റ് ഡ്രൈവ്/ജോബ് ഫെയർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് വർഷം തോറും മേഖലാടിസ്ഥാനത്തിൽ "നിയുക്തി" മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br>സ്വകാര്യ മേഖലയിൽ ഉരുത്തിരിഞ്ഞുവരുന്ന തൊഴിലവസരങ്ങളെ പരമാവധി പ്രയോജനപ്പെടത്തക്കവിധത്തിൽ കേരളത്തിലെ യുവജനങ്ങളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ സംസ്ഥാന നൈപുണ്യ വികസന മിഷൻ [KASE] വഴി നടപ്പാക്കിവരുന്നുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള പരിശീലന പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. ഇതിനായി വിവിധ മേഖലകളിൽ പരിശീലന പദ്ധതികൾ നടപ്പാക്കിവരുന്നു. KASE നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) (5 Centres). |

| | | | |
|---|---|---|---|
| | | | 2. അക്രഡിറ്റേഷൻ (11 Institutions).<br>3. കൗശൽ കേന്ദ്രകൾ (3 Centres).<br>4. എംപ്ലോയബിലിറ്റി സെൻററ് (10 Centres).<br>5. കരിയർ ഡവലപ്മെൻറ് സെൻററ് (5 Centres)<br>6. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ടക്ച്ചർ ആൻഡ് കൺസ്ടക്ഷൻ (IIIC).<br>7. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)<br><br>എല്ലാ ഗവൺമെന്റ് ഐ.ടി.ഐ.കളിലും കാര്യക്ഷമമായും ഫലപ്രദമായും പ്ലേസ്മെന്റ് സെൽ പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി തൊഴിൽദാതാക്കളെയും തൊഴിൽ അന്വേഷ- കരെയും ബന്ധിപ്പിച്ച് ക്യാമ്പസ് ഇന്റർവ്യൂ നടത്തി ട്രെയിനികൾക്ക് തൊഴിൽ ലഭ്യമാക്കുന്നുണ്ട്. ഒക്ടോബർ 2016 മുതൽ ഫെബ്രുവരി 2019 വരെ 7179 ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. ട്രെയിനികളുടെ സംരംഭകത്വശേഷി വികസിപ്പിക്കുന്നതിനും, സംരംഭകത്വത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകികൊണ്ട് ഐ.ടി.ഐകൾ തോറും ഇ.ഡി. ക്ലബുകൾ (Entrepreneurship Club) പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ ജില്ലാതലത്തിലും മേഖലാതലത്തിലും ജോബ് ഫെയർ സംഘടിപ്പിച്ച് തൊഴിൽ അവസരം ഒരുക്കുന്നു. അതുവഴി 7000 ത്തോളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ